**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4634** **23.07.2015-ൽ മറുപടിയ്ക്ക്**

# വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ. ബാബു. എം. പാലിശ്ശേരി :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) കുന്നംകുളം മണ്ഡലത്തിലെ വിവിധ സെക്ഷനുകൾക്കു കീഴിൽ ഏതെല്ലാം മേഖലയിലാണ് വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതായിട്ട് കെ. എസ്. ഇ. ബി. കണ്ടെത്തിയിട്ടുള്ളത് ;

(എ) പെരുമ്പിലാവ് ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ മുട്ടിപ്പാലം, ഒറ്റപ്പിലാവ് എന്നീ സ്ഥലങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

(ബി) മുട്ടിപ്പാലം എന്ന സ്ഥലത്ത് 610 മീറ്റർ 11 കെ. വി. ലൈൻ നിർമ്മിച്ച് ഒരു 100 കെ. വി. എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അത് ചാർജ്ജ് ചെയ്യുന്നതോടു കൂടി പ്രസ്തുത പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുന്നതാണ്. ഒറ്റപ്പിലാവിൽ 700 മീറ്റർ 11 കെ. വി ലൈൻ നിർമ്മിച്ച് നിലവിലുള്ള പെരുമ്പിലാവ് ഫീഡറും എരുമപ്പെട്ടി സബ്സ്റ്റേഷനിൽ നിന്നുള്ള കടങ്ങോട് ഫീഡറുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് വരികയാണ്. ഇത് പൂർത്തീകരിക്കുന്നതോടു കൂടി ഈ പ്രദേശത്തെ വോൾട്ടേജ് ക്ഷാമവും പരിഹരിക്കപ്പെടുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കുന്നംകുളം മണ്ഡലത്തിനു കീഴിൽ വിവിധ സെക്ഷനുകളിലായി വോൾട്ടേജ് ഇംപ്രൂവ്മെന്റ്/സിസ്റ്റം ഇംപ്രൂവ്മെന്റ് സ്കീമുകളിലായി 32.177 കി. മീ 11 കെ. വി. ലൈൻ, 59 ട്രാൻസ്ഫോർമറുകൾ, 89.056 കി. മീ. എൽ. റ്റി ലൈൻ റീകണ്ടക്ടറിംഗ്, 9.95 കി. മീ 11 കെ. വി. റി-കണ്ടക്റ്ററിംഗ് 73.26 കി. മീ സിംഗിൾ ഫേസ് റ്റു ത്രീ ഫേസ് കണവർഷൻ എന്നീ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**